പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 698

16.07.2012-ലെ
മറുപടിക്ക്.

## സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റികൾ

ചോദ്യം

ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. പി.കെ. ഗുരുദാസൻ
ശ്രീ. ജി. സുധാകരൻ
ശ്രീ. ബാബു. എം. പാലിശ്ശേരി

ഉത്തരം

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) വിദ്യാഭ്യാസ അവകാശ നിയമത്തിൽ നിർദ്ദേശിച്ചിട്ടുളള സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റികൾ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പ്രാവർത്തികമാക്കുന്നുണ്ടോ; ഇക്കാര്യത്തിൽ എയ്ഡഡ് സ്കൂളുകളുടെ കാര്യത്തിലുണ്ടായ ധാരണ എപ്രകാരമാണ്;

(എ) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് വിദ്യാലയങ്ങളിലും 2012-13 അക്കാഡമിക് വർഷം മുതൽ പ്രാവർത്തികമാക്കുവാൻ 16.05.2012-ലെ സർക്കാർ കത്ത് നമ്പർ 75133/ജെ1/11/പൊ.വി. വകുപ്പ് പ്രകാരം നിർദ്ദേശം നൽകുകയും അതനുസരിച്ച് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളുടെ (എസ്.എം.സി.) രൂപീകരണവും പ്രവർത്തനങ്ങളും സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ന്യൂനപക്ഷ പദവി ലഭിച്ച എയ്ഡഡ് സ്കൂളുകളെ എസ്.എം.സി. രൂപീകരണ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കി വിദ്യാഭ്യാസ അവകാശ സംരക്ഷണ നിയമത്തിൽ ഇതിനകം തന്നെ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. മറ്റ് എയ്ഡഡ് സ്കൂളുകളുടെ കാര്യത്തിൽ ലിഡാ ജേക്കബ് കമ്മിഷൻ റിപ്പോർട്ടിലെ ഇതു സംബന്ധിച്ച നിർദ്ദേശങ്ങളിന്മേൽ ബന്ധപ്പെട്ടവരുമായി ആവശ്യമായ ചർച്ചകൾ നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | ഇത് നിലവിലുള്ള അദ്ധ്യാപക-രക്ഷകർത്യ സമിതികൾക്ക് സമാനമാണോ; | (ബി) | സമാനമല്ല |
| (സി) | ഇവയ്ക്ക് പുറമെ, വിദ്യാലയങ്ങളിൽ ധർമ്മസേന രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) & (ഡി) | പരിശോധിച്ചു വരുന്നു. |
| (ഡി) | ഇതിന്റെ ഘടനയും പ്രവർത്തനവും അധികാരാവകാശങ്ങളും സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ